# സ്വകാര്യ മേഖലയിലെ ആദ്യത്തെ നീര ഉൽപാദന യൂണിറ്റ് കളമശേരിയിൽ സജ്ജം

കളമശേരി ● രാജ്യത്തെ സ്വകാര്യ മേഖലയിലെ ആദ്യത്തെ നീര ഉൽപാദന പ്ലാന്റ് പ്രവർത്തന ക്ഷമമായി.

കളമശേരിയിലെ എസ്‌സിഎംഎസ് ബയോ സയൻസ് ആൻഡ് ബയോ ടെക്നോളജി റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽനോട്ടത്തിൽ, തെങ്ങിൽ നിന്നു പുളിക്കാത്ത നീര ഉപയോഗിച്ചാണ് ലഹരി ഇല്ലാത്തതും മൂന്നു മാസം വരെ അന്തരീക്ഷ ഊഷ്മാവിൽ കേടുകൂടാതെ ഉപയോഗിക്കാവുന്നതുമായ നീര വികസിപ്പിച്ചെടുത്തത്.

പരിശീലനം സിദ്ധിച്ച 12 ചെത്തുതൊഴിലാളികൾക്കാണ് ഉൽപാദനത്തിന്റെ ചുമതല. 250 തെങ്ങിൽ നിന്നു നീര എടുക്കുമ്പോൾ ഉടമയ്ക്ക് തെങ്ങൊന്നിനു 300 രൂപ വീതം പ്രതിമാസം ലഭിക്കും. ദിവസം ആയിരം ലീറ്റർ വരെ ഉൽപാദന ശേഷിയുള്ള പ്ലാന്റിന്റെ നിർമാണ ചെലവ് 1.9 കോടി രൂപയാണ്. ഇതിൽ 50 ലക്ഷം യന്ത്ര സാമഗ്രികൾക്ക് മാത്രം ചെലവായി. ബാക്കി തുക ഭൂമിക്കും 2000 ചതുരശ്ര അടിയുള്ള കെട്ടിടത്തിനും വേണ്ടിവന്നു.

പാനീയത്തിനൊപ്പം നീരയിൽ നിന്നുള്ള പഞ്ചസാരയും തേനും ഈ പ്ലാന്റിൽ ഉണ്ടാക്കാനുള്ള സാങ്കേതിക സംവിധാനവും തയാറായിട്ടുണ്ട്.

ശുചിത്വത്തോടെയും ശാസ്ത്രീയമായ പരിശീലനത്തോടെയും തെങ്ങിൽ നിന്നു ചെത്തിയിറക്കുന്ന നീര പുളിക്കാതിരിക്കാൻ, എസ്‌സിഎംഎസ് ഗവേഷണ വിഭാഗം മേധാവി ഡോ. സി. മോഹൻകുമാറിന്റെ മേൽനോട്ടത്തിൽ വികസിപ്പിച്ചെടുത്ത ജൈവ ലായനിയാണ് ഉപയോഗിക്കുന്നത്. ഇതിനു പേറ്റന്റു ലഭിച്ചിട്ടുണ്ട്.



നീര നിർമാണ യൂണിറ്റ്

നീര ദാഹശമനി 200 മില്ലിലീറ്റർ കുപ്പിയിൽ നിറയ്ക്കുന്ന അവസാനത്തെ പ്രക്രിയ വരെ കൈകൊണ്ട് തൊടുക പോലും വേണ്ടാത്ത പ്ലാന്റാണ് തയാറാക്കിയത്. നീര ചെത്തുന്നതിനുള്ള അനുമതി എക്സൈസ് വകുപ്പും നൽകിയിട്ടുണ്ട്. കളമശേരി വിദ്യാ നഗറിലാണ് നീര പ്ലാന്റ്. 500 ലീറ്റർ നീരയിൽ നിന്നും 400 ലീറ്റർ നീര പാനീയം ഉണ്ടാക്കാം.

ആധുനിക യന്ത്ര സജ്ജീകരണങ്ങളോടെ പണിത ഈ പ്ലാന്റിൽ ഉടൻ ട്രയൽ റൺ ആരംഭിക്കും. നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെയാണ് എസ്‌സിഎംഎസ് നിർമാണം പൂർത്തീകരിച്ചത്.

നീരയുടെ വിപണനം കർഷക ഫെഡറേഷനുകളെ ഏൽപിക്കും. രുചിയും ഗുണവും ഒപ്പം രോഗ പ്രതിരോധ ശേഷിയും ഉള്ള നീര പാനീയം ദിവസങ്ങൾക്കകം വിപണിയിലെത്തും.